# ‘നാറ്റം വച്ച അവസ്ഥയെ സുഗന്ധമാക്കുന്നു’

യോഹന്നാൻ 11:32

‘‘യേശു ഇരിക്കുന്നേടത്തു മറിയ എത്തി അവനെ കണ്ടിട്ടു അവന്റെ കാൽക്കൽ വീണു: കർത്താവേ, നീ ഇവിടെ ഉണ്ടായിരുന്നു എങ്കിൽ എന്റെ സഹോദരൻ മരിക്കയില്ലായിരുന്നു എന്നു പറഞ്ഞു.’’

പഴയ മനുഷ്യന്റെ സ്വഭാവങ്ങളോട് യാത്ര പറഞ്ഞ് ക്രിസ്തുവിൽ പുതിയ സൃഷ്ടികളായി, മുമ്പോട്ടുള്ള ഈലോകയാത്രയിൽ അപകടങ്ങളും, അത്യാഹിതങ്ങളും, വ്യസനകരമായ സാഹചര്യങ്ങളും വന്നു ഭവിക്കുമ്പോൾ, മറിയയെപ്പോലെ കർത്താവിനായി സ്വയം സമർപ്പിച്ചു ജീവിച്ചിട്ടും ഇങ്ങനെയൊക്കെ വന്നു ഭവിച്ചല്ലോ എന്ന് പലരും ചിന്തിച്ച് പോകാറുണ്ട്. കർത്താവിന് പ്രിയങ്കരമായ ഭവനമായിരുന്നു നഥാന്യയിലെ ലാസറിന്റെ ഭവനം. ‘‘നിനക്ക് പ്രിയനായവൻ ദീനമായി കിടക്കുന്നു’’ എന്ന സന്ദേശം ലഭിച്ചയുടനെ ലാസറിനെ സൗഖ്യമാക്കുവാൻ കർത്താവിന് കഴിയുമായിരുന്നു. എന്നാൽ ലാസർ മരിക്കുവാൻ കർത്താവ് അനുവദിച്ചു എന്ന് മാത്രമല്ല, ശരീരം കല്ലറക്കൽ അഴുകിതുടങ്ങുന്ന വേളയിലാണ് കർത്താവ് ആ ഭവനത്തിലേക്ക് കടന്നു ചെല്ലുന്നത്. നീ ഇവിടെ ഉണ്ടായിരുന്നുവെങ്കിൽ എന്റെ സഹോദരൻ മരിക്കില്ലായിരുന്നു എന്ന മറിയയുടെ വാക്കുകൾക്ക് മറ്റ് അർഥങ്ങൾ ഉണ്ടായിരുന്നു. അനേകരെ മരണത്തിൽനിന്നും രക്ഷിക്കുന്ന കർത്താവിന് തന്റെ പ്രാണസ്നേഹിതനെ രക്ഷിക്കുവാനായി തക്കസമയത്ത് കടന്ന് വരുവാൻ കഴിഞ്ഞില്ലല്ലോ എന്ന് പുലമ്പിക്കൊണ്ട് തന്റെ പാദങ്ങളിൽ മുഖം അമർത്തി കരയുന്ന മറിയയുടെ ഹൃദയവേദന കർത്താവിനെ കരയിപ്പിച്ചു.

യേശു സ്നേഹിക്കുന്ന തന്റെ സ്നേഹിതനിൽ കൂടി ദൈവനാമം മഹത്വപ്പെടുവാനായി അവന്റെ മൃതദേഹം അഴുകി നാറ്റം വയ്ക്കുന്നതുവരേയും കർത്താവ് മൗനമായിരുന്നു. ചിലപ്പോൾ നാമും കർത്താവിനോട് പ്രാർത്ഥിച്ചിട്ടും, അവനായി പ്രവർത്തിച്ചിട്ടും, നമ്മുടെ കഷ്ടങ്ങളുടെ താഴ്വാരങ്ങളിൽ കർത്താവ് കടന്നു വന്നില്ലല്ലോ എന്നോർത്തു മാർത്തയേയും മറിയയേയും പോലെ സങ്കടപ്പെടുന്നവരാകുന്നില്ലേ? നിറഞ്ഞൊഴുകുന്ന നമ്മുടെ മിഴികൾ കർത്താവ് കാണുന്നതും കണ്ണുനീരോടുകൂടിയാണ്. ജീവിതത്തിലെ കൂരിരുളിന്റെ താഴ്വരയിൽ കർത്താവിന്റെ സ്നേഹത്തെ സംശയിക്കാതെ ആണികളേറ്റ ആ പാദങ്ങളിൽ വീണ് മാർത്തയെപ്പോലെ, മറിയയെപ്പോലെ, പാപിനിയായ സ്ത്രീയെപ്പോലെ

കണ്ണുനീരൊഴുക്കുവാൻ നമുക്കു കഴിയുമോ? കർത്താവ് നമ്മുടെ നാറ്റംവച്ച അവസ്ഥയെ സുഗന്ധമായി മാറ്റും നിശ്ചയം.

പരാമർശം :

ലൂക്കോസ് 7:7

യേശു അവരോടുകൂടെ പോയി, വീട്ടിനോടു അടുപ്പാറായപ്പോൾ ശതാധിപൻ സ്നേഹിതന്മാരെ അവന്റെ അടുക്കൽ അയച്ചു: കർത്താവേ, പ്രയാസപ്പെടേണ്ടാ; നി എന്റെ പുരെക്കകത്തു വരുവാൻ ഞാൻ പോരാത്തവൻ. അതുകൊണ്ടു നിന്റെ അടുക്കൽ വരുവാൻ ഞാൻ യോഗ്യൻ എന്നു എനിക്കു തോന്നിട്ടില്ല. ഒരു വാക്കു കല്പിച്ചാൽ എന്റെ ബാല്യക്കാരന്നു സൌഖ്യം വരും.

സിസ്റ്റർ. ജെയ്മി ബിജു കോതമംഗലം 05